K22U 3482

Reg. No. : ...............................

Name : ...................................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

**I Semester B.A./B.Sc. Degree (C.B.C.S.S.-O.B.E. – Regular/ Supplementary/Improvement) Examination, November 2022**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07 MAL : കഥാമാതൃകകൾ**

Don Bosco Arts and Science College
Library
Angadikadavu, Kannur
lib.donbosco.ac.in

Time : 3 Hours Max. Marks : 40

I. 4 ചോദ്യങ്ങളിൽ നിന്ന് 2 എണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) സരസമായ വർണ്ണനകളാണ് ആദ്യകാലകഥകളെ ആകർഷകമാക്കുന്നത്. 'മദിരാശി പിത്തലാട്ട'ത്തെ ആസ്പദമാക്കി വിവരിക്കുക.

2) ഒരു കലാകാരിയുടെ ആത്മസംഘർഷങ്ങൾ തികച്ചും ഗ്രാമീണമായൊരന്തരീക്ഷത്തിൽ വരച്ചു കാട്ടുകയാണ് 'മരപ്പാവകൾ' എന്ന കഥ. ചർച്ച ചെയ്യുക.

3) പാർശ്വവൽക്കൃത ജനവിഭാഗങ്ങൾ മുഖ്യധാരയിലേക്കെത്തണമെങ്കിൽ സിംഹാസനങ്ങൾ ഇനിയുമെത്രയോ വേണ്ടി വരുമെന്ന വസ്തുത ഹൃദയസ്പർശിയായി ആവിഷ്കരിക്കുകയാണ് 'നൂറു സിംഹാസനങ്ങൾ' എന്ന നോവൽ. ശരിയോ ?

4) ഇതിഹാസങ്ങളിലെ സ്ത്രീ വിരുദ്ധസന്ദർഭങ്ങൾ മറനീക്കി കാണിക്കുന്നതിൽ സാറാ ജോസഫിനുള്ള പാടവം 'അശോക' എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക. (2×7=14)

II. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'പക്ഷേ ഒരാത്തേമ്മാരുടെ കഷ്ടപ്പാടുകൾ മുഴുവൻ നിങ്ങൾ മനസ്സിലാക്കിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല'. – സൂചിതം വ്യക്തമാക്കുക.

6) പരസ്പരം സ്നേഹിക്കുമ്പോഴും 'തരിശുനില'ത്തിലെ കാമുകീകാമുകന്മാർ തികച്ചും വ്യത്യസ്തമായ ആന്തരിക ജീവിതമാണ് നയിക്കുന്നത്. – കഥയിൽ നിന്നുള്ള സൂചനകൾ സഹിതം വിവരിക്കുക.

7) കാപ്പനെ ധർമപാലനാക്കുന്നതിൽ സ്വാമി പ്രജ്ഞാനന്ദൻ വഹിച്ച പങ്ക് വിവരിക്കുക.

8) കേരളീയരുടെ ഇരട്ടജീവിതം തുറന്നുകാട്ടുന്നതാണ് 'ജ്യോതിഷക്കാരന്റെ കഥ' എന്ന നോവൽ ഭാഗം. വിശദമാക്കുക.

9) 'ഇത് കർമപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളൂ'. – സന്ദർഭവും ആശയവും വ്യക്തമാക്കുക.

10) 'സാത്താൻമാരേ, മരിച്ചവരെയും നിങ്ങൾ വെറുതെ വിടുകയില്ലേ ?' – സൂചിതം വ്യക്തമാക്കുക. (4×3=12)

III. 6 ചോദ്യങ്ങളിൽ നിന്ന് 4 **എണ്ണത്തിന്** **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കൊള്ളൂ' – സന്ദർഭവും ആശയവും വ്യക്തമാക്കുക.

12) 'ഭ്രാതൃവഞ്ചനയുടെ പാപം മണത്ത് സീത അസ്വസ്ഥയായി' – സൂചിതം വ്യക്തമാക്കുക.

13) 'ആനേനെ അല്ല, ആനയെ എന്ന് പറയടി.' – സൂചിതം വ്യക്തമാക്കുക.

14) ധർമപാലനെ വിവാഹം കഴിച്ചതുകൊണ്ട് സുധയ്ക്കുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാം ?

15) കുഞ്ഞാമിന എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16) 'നീ വെറുമൊരു പെണ്ണല്ല എന്നോർക്കണം. ഭാരതീയസ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാണ്' – സൂചിതം വ്യക്തമാക്കുക.

(4×2=8)

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 **എണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) 'സരസ്വതീവിജയം' – കുറിപ്പെഴുതുക.

18) 'നിങ്ങളും പാർവതിയും സമം സമം' – എന്ന്യൂമറേറ്റർ ഇങ്ങനെ പറയാൻ കാരണമെന്ത് ?

19) 'കണ്ടാൽ ആങ്ങളേം പെങ്ങളേം പോലുണ്ട്.' – ആരെക്കുറിച്ചാണ് ഈ പരാമർശം ? എപ്പോൾ ?

20) 'വന്മരങ്ങൾ വീഴുമ്പോൾ' എന്ന കഥയ്ക്ക് പശ്ചാത്തലമായ ചരിത്രസന്ദർഭമേത് ?

21) 'ആരാച്ചാർ' – കുറിപ്പെഴുതുക.

22) മാധവിക്കുട്ടി – കുറിപ്പെഴുതുക. (4×1½=6)

---

Don Bosco Arts and Science College Library Angadikadavu, Kannur lib.donbosco.ac.in